>> കവർസ്റ്റോറി



# ദോഹാ മുസ്‌ലിം ന്യൂനപക്ഷ സമ്മേളനം ശ്രദ്ധേയമായ കാൽവെപ്പ്

ഡോ. അബ്ദുസ്സലാം വാണിയമ്പലം

**11-7-2004ൽ** ലണ്ടനിൽ, ലോകപ്രശസ്ത പണ്ഡിതൻ ശൈഖ് യൂസുഫുൽ ഖറദാവിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട അന്താരാഷ്ട്ര മുസ്‌ലിം പണ്ഡിതവേദി(International Union for Muslim Scholars)യുടെ ആഭിമുഖ്യത്തിൽ 2008 ജൂൺ 20,21,22 തീയതികളിൽ ദോഹയിൽ ചേർന്ന മുസ്‌ലിം ന്യൂനപക്ഷ സമ്മേളനം ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിൽ പുതുമയാർന്നതും ശ്രദ്ധേയവുമായ കാൽവെപ്പായിരുന്നു. പണ്ഡിതവേദിയുടെ കീഴിലുള്ള ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റി ആണ് പരിപാടി സംഘടിപ്പിച്ചത്. ശൈഖ് അലി മുഹ്‌യിദ്ദീൻ ഖുറദാഗിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ വിവിധ രാഷ്ട്രങ്ങളിലെ മുസ്‌ലിം ന്യൂനപക്ഷത്തിൽ നിന്നുള്ള പ്രതിനിധികൾ അംഗങ്ങളാണ്. ഇന്ത്യയിൽ നിന്ന് സൽമാൻ നദ്‌വിയും (ലക്നോ) ഈ ലേഖകനുമാണ് അംഗങ്ങൾ.

2007 ജൂലൈ 18-ന് ദോഹയിൽ ചേർന്ന ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റിയുടെ യോഗത്തിലാണ് അന്താരാഷ്ട്ര പണ്ഡിതവേദിയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലേക്കുകൂടി വ്യാപിപ്പിക്കാൻ തീരുമാനമായത്. ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക സമൂഹത്തിന് വൈജ്ഞാനികവും ദാർശനികവുമായ നേതൃത്വം നൽകാനും ദിശ നിർണയിച്ചു കൊടുക്കാനും പുതിയ ലോകത്ത് ഇസ്‌ലാമിനെ യഥാവിധം പ്രതിനിധീകരിക്കാനും മൂർത്തമായ പദ്ധതികളുമായി രൂപംകൊണ്ട പണ്ഡിതവേദി മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങളും അജണ്ടയിലുൾപ്പെടുത്തിയത് സ്വാഭാവികം. കാരണം, ലോകത്തെ മൊത്തം മുസ്‌ലിം ജനസംഖ്യയുടെ മൂന്നിലൊന്നും വിവിധ രാഷ്ട്രങ്ങളിൽ ന്യൂനപക്ഷമാണ്. അഥവാ, 1200 മില്യൻ വരുന്ന ലോക മുസ്‌ലിം ജനസംഖ്യയുടെ 450 മില്യനും മുസ്‌ലിം ന്യൂനപക്ഷ രാഷ്ട്രങ്ങളിലാണ് ജീവിക്കുന്നത്. ഇത്തരം ന്യൂനപക്ഷങ്ങളിൽ ഏറ്റവും പ്രബലമാണ് ഇന്ത്യയിലെ മുസ്‌ലിം സമൂഹം. മൊത്തം ജനസംഖ്യയുടെ 20 ശതമാനത്തോളം വരുന്ന അവരുടെ എണ്ണം ഏതാണ്ട് 200 മില്യൻ വരും. അതിനാൽ പണ്ഡിതവേദിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് എന്തുകൊണ്ടും ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷങ്ങളിൽ നിന്നുതന്നെ.

മുസ്‌ലിം ന്യൂനപക്ഷങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമ്പോൾ പണ്ഡിതവേദി ലക്ഷ്യമിടുന്നത് അവരുടെ ഐക്യം ഉറപ്പുവരുത്തലും പ്രശ്നങ്ങൾ ചർച്ച ചെയ്യലും മാത്രമല്ല, ബഹുസ്വരസമൂഹത്തിൽ ഇതര മതസമൂഹങ്ങ

ളുമായി, നാഗരികവും സാംസ്കാരികവുമായ സഹവർത്തിത്വം സാധിക്കുക എന്നതുകൂടിയാണ്. ന്യൂനപക്ഷത്തിന്റെ സാന്നിധ്യം അവർ ജീവിക്കുന്ന സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഗുണകരവും അനുഗ്രഹവുമാകണം. അവരുടെ സാമൂഹിക പങ്കാളിത്തം നിർമാണാത്മകമാകണം, നിഷേധാത്മകമാകരുത്. ബഹുസ്വരസമൂഹങ്ങളുടെ വീക്ഷണ വൈജാത്യങ്ങളെ സംവാദങ്ങളിലൂടെ പരസ്പരം ഉൾക്കൊള്ളണം. ഇസ്‌ലാമിന്റെ തന്നെ ഇത്തരം താത്ത്വിക നിലപാടുകളെ ഏറ്റവുമധികം ഉയർത്തിപ്പിടിക്കേണ്ട കാലഘട്ടമാണിത് എന്ന് പണ്ഡിതവേദി മനസ്സിലാക്കുന്നു.

## പണ്ഡിതവേദിയുടെ പ്രതിനിധികൾ ഇന്ത്യയിൽ

ഈദൃശ സമീപനങ്ങൾ ബഹുസ്വരസമൂഹത്തിൽ വിജയിപ്പിച്ചെടുക്കാൻ ആദ്യം അത് മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. വിഷയത്തിൽ വിവിധ മുസ്‌ലിം സംഘടനകളെയും സ്ഥാപനങ്ങളെയും അഭിപ്രായ സമന്വയത്തിലെത്തിക്കേണ്ടതുണ്ട്. അതിനായി ഇന്ത്യയിലെ മുസ്‌ലിം സംഘടനാ നേതാക്കളെയും സ്ഥാപന മേധാവികളെയും കാണേണ്ടതുണ്ടായിരുന്നു.

അങ്ങനെയാണ് 2007 ജൂലൈ 18-ന് ദോഹയിൽ ചേർന്ന പണ്ഡിതവേദിയുടെ ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റി ഇന്ത്യയിലെ മുസ്‌ലിം സംഘടനാ നേതാക്കളെ കാണാൻ തീരുമാനിച്ചത്. തദടിസ്ഥാനത്തിൽ രണ്ട് മാസം മുമ്പ് ശൈഖ് അലി മുഹ്‌യിദ്ദീൻ ഖുറദാഗിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ദൽഹിയിലെത്തി ജംഇയ്യത്തുൽ ഉലമാ, ജമാഅത്തെ ഇസ്‌ലാമി, അഹ്‌ലെ ഹദീസ് തുടങ്ങിയ സംഘടനകളുടെയും മുസ്‌ലിം പേഴ്സനൽ ലോ ബോർഡ്, മുസ്‌ലിം മജ്‌ലിസെ മുശാവറ, ഫിഖ്ഹ് അക്കാദമി എന്നീ പൊതുവേദികളുടെയും ദാറുൽ ഉലൂം ദയൂബന്ദ്, നദ്‌വത്തുൽ ഉലൂം തുടങ്ങിയ സ്ഥാപനങ്ങളുടെയും മേലാധികാരികളെ നേരിൽ കണ്ട് സംഭാഷണം നടത്തി. എല്ലാ നേതാക്കളും പണ്ഡിതവേദിയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും അവരുടെ കാഴ്ചപ്പാടുകളെ സർവാത്മനാ സ്വാഗതം ചെയ്യുകയും ചെയ്തു. അടുത്ത ഘട്ടത്തിൽ എല്ലാവരെയും ഒരുമിച്ചിരുത്തി വിശദാംശങ്ങൾ ചർച്ച ചെയ്യാൻ സമ്മേളനം നടത്താമെന്ന് ധാരണയായി. അതനുസരിച്ചാണ് നേതാക്കൾ ജൂൺ 20, 21, 22 തീയതികളിൽ ദോഹയിൽ സമ്മേളിച്ചത്. മൗലാനാ അർശദ് മദനി (ജംഇയ്യത്തുൽ ഉലമാ), മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരി (ജമാഅത്തെ ഇസ്‌ലാമി), മൗലാനാ അസ്ഗർ അലി ഇമാം (ജംഇയ്യത്തു അഹ്‌ലെ ഹദീസ്), ഡോ. സഫറുൽ ഇസ്‌ലാം ഖാൻ (മുസ്‌ലിം മജ്‌ലിസെ മുശാവറ), മൗലാനാ ഖാരി മുഹമ്മദ് ഉസ്മാൻ (ദാറുൽ ഉലൂം, ദയൂബന്ദ്), മൗലാനാ സൽമാൻ നദ്‌വി (നദ്‌വത്തുൽ ഉലൂം, ലഖ്നൗ), മൗലാനാ ബദറുൽ ഖാസിമി (ഫിഖ്ഹ് അക്കാദമി) എന്നിവരുടെ നേതൃത്വത്തിലുള്ള മുപ്പതോളം വരുന്ന പ്രതിനിധി സംഘമാണ് യോഗത്തിനെത്തിയിരുന്നത്. റഷ്യൻ മുസ്‌ലിം ന്യൂനപക്ഷത്തെ പ്രതിനിധീകരിച്ച് മുഫ്തി ശൈഖ് നാഫിഉല്ലാഹ് അശീറോവിന്റെ നേതൃത്വത്തിലുള്ള നാലംഗ സംഘവും ശ്രീലങ്കൻ മുസ്‌ലിം ന്യൂനപക്ഷത്തെ പ്രതിനിധീകരിച്ച് റശീദ് ഹജ്ജുൽ അക്ബർ, നഈം എന്നിവരും നിരീക്ഷകരായെത്തിയിരുന്നു.


ഫൈസൽ മൗലവി



**മുസ്‌ലിം ന്യൂനപക്ഷങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമ്പോൾ പണ്ഡിതവേദി ലക്ഷ്യമിടുന്നത് അവരുടെ ഐക്യം ഉറപ്പുവരുത്തലും പ്രശ്നങ്ങൾ ചർച്ച ചെയ്യലും മാത്രമല്ല, ബഹുസ്വരസമൂഹത്തിൽ ഇതര മതസമൂഹങ്ങളുമായി, നാഗരികവും സാംസ്കാരികവുമായ സഹവർത്തിത്വം സാധിക്കുക എന്നതുകൂടിയാണ്.**

## ഉദ്ഘാടന സെഷൻ

19-ന് ഉച്ചക്ക് 2 മണിക്ക് അന്താരാഷ്ട്ര പണ്ഡിതവേദി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ നൽകിയ സ്വീകരണമായിരുന്നു ആദ്യപരിപാടി. ശൈഖ് ഖറദാവിക്കു പുറമെ വൈസ് ചെയർമാന്മാരായ ശൈഖ് അലി അൽ തസ്ഖീരി (ഇറാൻ), പ്രസിദ്ധ മൗറീഷ്യസ് പണ്ഡിതൻ അബ്ദുല്ലാഹിബ്നു ബയ്യ, ലബനാനിലെ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ അമീർ ഫൈസൽ മൗലവി, പ്രസിദ്ധ സലഫി പണ്ഡിതൻ ഡോ. സൽമാനുൽ ഔദ, ഇസ്‌ലാമിക ചിന്തകൻ സലീമുൽ അവ്വ, സുഡാൻ മുൻ മതകാര്യമന്ത്രി ഡോ. ഉമറുൽ ബശീർ എന്നിവർ സന്നിഹിതരായിരുന്നു. ഡോ. ഖറദാവി ഇന്ത്യൻ നേതാക്കളെ സ്വാഗതം ചെയ്തുകൊണ്ട് സംസാരിച്ചു. ഇന്ത്യയിലെ മുസ്‌ലിം പണ്ഡിതന്മാരുടെ വൈജ്ഞാനിക സംഭാവനകളെ പ്രകീർത്തിച്ചും സ്വാതന്ത്ര്യ സമരത്തിലെ പങ്കാളിത്തത്തെ പ്രശംസിച്ചും നടത്തിയ പ്രസംഗത്തിൽ തന്റെ ഇന്ത്യൻ അനുഭവങ്ങളും അദ്ദേഹം പങ്കുവെച്ചു. താൻ പങ്കെടുത്ത ഏറ്റവും വലിയ സമ്മേളനം ദയൂബന്ദ് ദാറുൽ ഉലൂം സമ്മേളനമായിരുന്നുവെന്നും 25 ലക്ഷം പേരാണ് അന്ന് ശ്രോതാക്കളായെത്തിയതെന്നും അദ്ദേഹം പറഞ്ഞു. തന്റെ ജീവിതത്തിൽ ഹജ്ജ് കഴിഞ്ഞാൽ പിന്നെ ഏറ്റവും വലിയ ജനക്കൂട്ടത്തെ കണ്ടത് അന്നാണ്.

20-ന് വൈകുന്നേരം 7 മണിക്ക് ഉദ്ഘാടന സെഷനോടെയാണ് പരിപാടികൾക്ക് ഔപചാരികമായി തുടക്കം കുറിച്ചത്. പണ്ഡിതവേദി സെക്രട്ടേറിയറ്റ് അംഗം ശൈഖ് അബ്ദുർറഹ്മാൻ ആലുമഹ്മൂദ് (ഖത്തർ) ഉദ്ഘാടന പ്രസംഗം നടത്തി. ഡോ. അബ്ദുൽ വഹാബ് നൂർവലി (സുഊദി അറേബ്യ)യായിരുന്നു അധ്യക്ഷൻ. ശൈഖ് അലി മുഹ്‌യിദ്ദീൻ ഖുറദാഗി മുസ്‌ലിം ന്യൂനപക്ഷം ഒരു കർമരേഖ എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. മുസ്‌ലിം സമൂഹത്തിന്റെ ആഭ്യന്തര പ്രതിസന്ധികളിലേക്ക് വിരൽ ചൂണ്ടിയ പ്രബന്ധം അന്യമതസമൂഹങ്ങളുമായുള്ള അവരുടെ ബന്ധത്തിന്റെ ആദർശപരവും പ്രായോഗികവുമായ അടിസ്ഥാനങ്ങളെ വിശദീകരിച്ചു. ബഹുസ്വരസമൂഹത്തിൽ സംവാദത്തിലൂടെ പരസ്പര സമന്വയത്തിലെത്തേണ്ടതിന്റെ ആവശ്യകത ഖുറദാഗി എടുത്തുപറഞ്ഞു.

തുടർന്ന് സംഘടനകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് മൗലാനാ അർശദ് മദനി, മൗലാനാ സൽമാൻ നദ്‌വി, മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരി, ഖാരി മുഹമ്മദ് ഉസ്മാൻ, സഫറുൽ ഇസ്‌ലാംഖാൻ, ബദറുൽ ഖാസിമി എന്നിവർ സംസാരിച്ചു. മുസ്‌ലിം ന്യൂന

ജലാലുദ്ദീൻ ഉമരി

സഫറുൽ ഇസ്‌ലാം

ബദ്റുൽ ഖാസിമി

അർശദ് മദനി


**ലോക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ വിശാലമായ ഫ്രെയ്മിൽ നിന്നു വിലയിരുത്തുമ്പോൾ സമ്മേളനം മഹത്തായൊരു കാൽവെപ്പ് തന്നെയാണ്. ഈ നൂറ്റാണ്ടിലെ പ്രഗത്ഭരും പ്രശസ്തരും സർവോപരി കാലഘട്ടത്തിന്റെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നവരുമായ പണ്ഡിത സമൂഹം നേതൃത്വം നൽകുന്ന വേദിക്ക് ഇന്ത്യൻ മുസ്‌ലിം നേതൃത്വവുമായി ആശയവിനിമയത്തിന് സാധ്യത തെളിയുകയെന്നത് ചെറിയകാര്യമല്ല.**

പക്ഷവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നതായിരുന്നു നേതാക്കളുടെ പ്രഭാഷണങ്ങൾ. സംഘടനകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കേണ്ടതിന്റെ പ്രാധാന്യം എല്ലാവരും ഒരുപോലെ എടുത്തുപറഞ്ഞത് ശ്രദ്ധേയമായി.

ഐക്യത്തിന്റെ കാര്യത്തിൽ എല്ലാവരും പ്രകടിപ്പിച്ച ഏകാഭിപ്രായത്തെ എടുത്തുപറഞ്ഞുകൊണ്ടാണ് ശൈഖ് ഖറദാവി സമാപന പ്രസംഗത്തിനു തുടക്കം കുറിച്ചത്. എട്ടു നൂറ്റാണ്ട് ലോകത്തെ നയിച്ച ഇസ്‌ലാമിക സമൂഹം നിർഭാഗ്യവശാൽ, ഇന്ന് മറ്റുള്ളവരുടെ വാലായിത്തീർന്നിരിക്കുന്നു. തെളിക്കുന്നവരല്ല, തെളിക്കപ്പെടുന്നവരാണിന്നവർ. മൂന്നാം ലോകമാണവരുടേത്, അതു തന്നെയും ഒരു നാലാം ലോകമില്ലാത്തതുകൊണ്ട്. *അൽ ഹദീദ്* (ഇരുമ്പ്) എന്ന പേരിൽ ഒരധ്യായമുണ്ട് ഖുർആനിൽ. പക്ഷേ അതിന്റെ അനുയായികൾ വ്യവസായിക മേഖലയിൽ മാത്രമല്ല, ഭക്ഷ്യ ഉൽപാദന മേഖലയിൽ പോലും സ്വയം പര്യാപ്തരല്ല. ഇത്തരം പിന്നാക്കാവസ്ഥകളെ മറികടക്കാൻ ലോകത്തെ മുസ്‌ലിം സമൂഹം കൃത്യമായ പദ്ധതികളാവിഷ്കരിച്ച് മുന്നോട്ടുപോകണം. ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം വിജ്ഞാനത്തിന്റെയും പോരാട്ടത്തിന്റെയും ചരിത്രത്തിൽ വലിയ ദൗത്യങ്ങൾ ഏറ്റെടുത്ത് വിജയിപ്പിച്ചവരാണെന്നും ആ പാരമ്പര്യം നിലനിർത്തി മുന്നോട്ടു പോകണമെന്നും അന്യമതസമൂഹങ്ങളുമായി ഇസ്‌ലാമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഇഴുകിച്ചേർന്ന് ജീവിക്കണമെന്നും നീതിയുടെ വിജയത്തിന് ജാതിമതഭേദമന്യേ സഹകരിച്ചു പ്രവർത്തിക്കുന്ന സാഹചര്യമുണ്ടാവണമെന്നും അദ്ദേഹം ഉണർത്തി. ഇന്ത്യയിലെ വ്യത്യസ്ത മുസ്‌ലിം സംഘടനകളുടെ പ്രാതിനിധ്യം സമ്മേളനത്തിലുണ്ടായത്, തന്നെ ഏറെ സന്തോഷിപ്പിക്കുന്നുവെന്നും ലോകത്തെ മറ്റു മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് മാതൃകയാവാൻ നിങ്ങൾക്ക് സാധിക്കണമെന്നും ഖറദാവി പറഞ്ഞു.

## അഞ്ചു തലക്കെട്ടുകൾ

അടുത്ത രണ്ടു ദിവസങ്ങളിൽ വിവിധ തലക്കെട്ടുകളിലുള്ള ചർച്ചയാണ് നടന്നത്. വിദ്യാഭ്യാസം, മീഡിയ, സാമ്പത്തികം, സംസ്കരണം, ഐക്യം എന്നീ അഞ്ചു തലക്കെട്ടുകളാണ് ചർച്ചക്കായി നിർണയിക്കപ്പെട്ടത്.

വിദ്യാഭ്യാസ ചർച്ചയിൽ മുസ്‌ലിംകളിലെ നിരക്ഷരത, ആധുനിക വിജ്ഞാനീയങ്ങളിലെ പിന്നാക്കാവസ്ഥ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം, നിലവിലെ ഇസ്‌ലാമിക സ്ഥാപനങ്ങളിലെ സിലബസുകളുടെ പോരായ്മ തുടങ്ങിയ വിഷയങ്ങൾ ഉന്നയിക്കപ്പെട്ടു.

ഗ്രാമങ്ങളിലും വിദൂരപ്രദേശങ്ങളിലും വിദ്യാഭ്യാസ സംവിധാനങ്ങളുണ്ടാക്കുക, വിവിധ തലങ്ങളിൽ ട്രെയിനിംഗ് ക്യാമ്പുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക, പാവപ്പെട്ട വിദ്യാർഥികൾക്ക് സൗജന്യ വിദ്യാഭ്യാസമേർപ്പെടുത്തുക, മിടുക്കരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുക, എല്ലാ സംഘടനകളും ചേർന്ന് മത-ഭൗതിക വിദ്യാഭ്യാസത്തിനായി ഒറ്റ സമ്പൂർണ സർവകലാശാല സ്ഥാപിക്കുക, മത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുക, മതനേതൃത്വത്തെ കൂടുതൽ യോഗ്യരാക്കാൻ പരിശീലനങ്ങൾ നൽകുക എന്നീ തീരുമാനങ്ങളാണ് കൈകൊണ്ടത്.

മീഡിയാ ചർച്ചയിൽ, ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം മീഡിയ രംഗത്ത് വട്ടപ്പൂജ്യമാണെന്നാണ് വിലയിരുത്തപ്പെട്ടത്. ടി.വി, റേഡിയോ, ദിനപത്രം, വെബ്സൈറ്റ് എന്നീ പ്രധാന നാലു മാധ്യമങ്ങളും മുസ്‌ലിംകൾക്ക് ഇപ്പോഴും അപ്രാപ്യമാണെന്ന് അഭിപ്രായപ്പെട്ട പ്രസംഗകർ കേരളത്തിലെ *മാധ്യമം* ദിനപത്രമാണ് ഏക അപവാദമെന്നും വിലയിരുത്തി.

ഇംഗ്ലീഷ് ഭാഷയിൽ ഒരു സ്വതന്ത്ര ദേശീയ പത്രം സ്ഥാപിക്കുക, അടുത്ത ഘട്ടത്തിൽ ഒരു സമ്പൂർണ ചാനൽ സ്ഥാപിക്കുക, ഇന്ത്യൻ ഭാഷകളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന സമ്പൂർണ വെബ്സൈറ്റ് നിർമിക്കുക, മീഡിയാരംഗത്ത് പരിശീലനം നൽകാൻ പ്രത്യേക സ്ഥാപനങ്ങളുണ്ടാക്കുക എന്നിവയാണ് ഈ രംഗത്ത് സമ്മേളനം മുന്നോട്ടു വെച്ച പരിപാടികൾ.

സാമ്പത്തിക വിഷയത്തിൽ സംഘടിപ്പിക്കപ്പെട്ട സെഷൻ ആ മേഖലയിൽ മുസ്‌ലിം ന്യൂനപക്ഷം നേരിടുന്ന കടുത്ത പ്രതിസന്ധികൾ ചർച്ചചെയ്തു. പാവപ്പെട്ടവരെ സഹായിക്കാൻ ഗ്രാമീണ ബാങ്കുകൾ പോലുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചാലോചിക്കാനും ദരിദ്ര പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അവയുടെ വികസനത്തിനായി സംഘടനകൾ ഏകോപിച്ച് പ്രത്യേക ഫണ്ടുകൾ സ്വരൂപിക്കാനും ഇസ്‌ലാമിക് ഇൻവെസ്റ്റ്മെന്റ് കമ്പനികളുണ്ടാക്കാനും നിർദേശങ്ങളുണ്ടായി. ഘട്ടം ഘട്ടമായി ഇസ്‌ലാമിക് ബാങ്കുകൾ, ഇസ്‌ലാമിക് ഇൻഷുറൻസ് കമ്പനികൾ എന്നിവ പടുത്തുയർത്താനും അത്തരം അന്താരാഷ്ട്ര ഇസ്‌ലാമിക് ബാങ്കുകളുടെ ബ്രാഞ്ചുകൾ ഇന്ത്യയിൽ തുറക്കാനും ഗവൺമെന്റുമായി ബന്ധപ്പെടാൻ യോഗം തീരുമാനിച്ചു.

മുസ്‌ലിം ന്യൂനപക്ഷത്തിന്റെ സംസ്കരണവും ഐക്യവും ചർച്ചക്കെടുത്ത സമ്മേളനം താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. ഐക്യത്തിന്റെ സംസ്കാരം വളർത്തിയെടുക്കുക.
2. മറ്റുള്ളവരുടെ ഇജ്തിഹാദിനെ

ഉൾക്കൊള്ളുക, ഇമാമുകളെ അധിക്ഷേപിക്കാതിരിക്കുക.

3. ഐക്യം, സംവാദം, സഹവർത്തിത്വം, അനുവദനീയമായ അഭിപ്രായ വ്യത്യാസം എന്നീ വിഷയങ്ങൾ ഇസ്‌ലാമിക വിദ്യാലയങ്ങളിൽ ആഴത്തിൽ പഠിപ്പിക്കുക.

4. ഭീകരത, തീവ്രവാദം പോലുള്ള വിഷയങ്ങളിൽ വിവിധ ഗ്രൂപ്പുകൾ ഒരുമിച്ചിരുന്ന് ചർച്ചകളും ആശയവിനിമയവും നടത്തുക. ന്യൂനപക്ഷത്തെ ബാധിക്കുന്ന പേഴ്സനൽ ലോ പോലുള്ള വിഷയങ്ങളിൽ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. വിവിധ ഇസ്‌ലാമിക കലാലയങ്ങളിലെ പണ്ഡിതരായ അധ്യാപകർ മറ്റു സംഘടനകളുടെ സ്ഥാപനങ്ങളിൽ ക്ലാസ്സെടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക. വ്യത്യസ്ത സ്ഥാപനങ്ങളിലെ വിദ്യാർഥികളെ ഒരുമിച്ചുകൂട്ടി ക്യാമ്പ് സംഘടിപ്പിക്കുക.

6. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ച് ഫത്‌വാ കൗൺസിൽ രൂപവത്കരിക്കുക.

## പരസ്പര സഹകരണ ഉടമ്പടി

ഇന്ത്യയിലെ പണ്ഡിതന്മാരുടെയും മുസ്‌ലിം സംഘടനാ നേതാക്കളുടെയും പരസ്പര സഹകരണ ഉടമ്പടി തയാറാക്കി എല്ലാ സംഘടനാ നേതാക്കളും ഒപ്പുവെച്ചതാണ് സമ്മേളനത്തെ ശ്രദ്ധേയമാക്കിയ മറ്റൊരു സംഭവം. സഹകരണ ഉടമ്പടി താഴെ പറയുന്ന അടിസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നതാണ്.

1. ഇസ്‌ലാം നിർബന്ധമാക്കിയ ശറഈ ബാധ്യതയാണ് ഐക്യം. അല്ലാഹു ഏകനാണെന്നത് സമുദായത്തിന്റെ ഏകതയുടെ നിദാനമായി നിശ്ചയിച്ചിരിക്കുന്നു. "നിങ്ങളുടെ ഈ സമുദായം ഒരൊറ്റ സമുദായമാണ്. ഞാൻ നിങ്ങളുടെ നാഥനും. അതിനാൽ നിങ്ങൾ എന്നെ മാത്രം ആരാധിക്കുക" (*അൽഅമ്പിയാഅ്* 92).

കാലഘട്ടത്തിന്റെ അനിവാര്യതയായ ഐക്യം ആരംഭിക്കേണ്ടത് പണ്ഡിതന്മാരിൽ നിന്നാണ്. അവർ അക്കാര്യത്തിൽ മാതൃകയായി നിലകൊള്ളണം.

2. ദീനിന്റെ ശാഖാപരമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം നിലനിൽക്കും. കുറ്റപ്പെടുത്താതെയും വിലകുറച്ചുകാണിക്കാതെയും അഭിപ്രായവ്യത്യാസത്തിന്റെ മര്യാദകൾ പാലിക്കുമെങ്കിൽ അഭിപ്രായ വ്യത്യാസങ്ങൾ അനുഗ്രഹമായിരിക്കും.

3. ഒരു മുസ്‌ലിന് മറ്റൊരു മുസ്‌ലിമിനെക്കുറിച്ച് അടിസ്ഥാനപരമായി സദ്‌വിചാരമാണുണ്ടായിരിക്കേണ്ടത്. അവനെ മുബ്തദിഓ കാഫിറോ ആയി മുദ്രകുത്തരുത്.

4. മുസ്‌ലിം ന്യൂനപക്ഷത്തിനിടയിൽ ഐക്യം സ്ഥാപിക്കാൻ സഹായകമായ വാക്കും പ്രവൃത്തിയും പെരുമാറ്റവുമായിരിക്കണം എല്ലാവരിലുമുണ്ടാവേണ്ടത്. അതിനായി കൂട്ടായ പരിപാടികൾ, പ്രോജക്ടുകൾ, സമ്മേളനങ്ങൾ എന്നിവ ആവശ്യമാണ്.

5. മധ്യമ നിലപാടിന്റെയും സന്തുലിതത്വത്തിന്റെയും രീതിശാസ്ത്രം മുറുകെ പിടിക്കും. മുസ്‌ലിംകൾക്കിടയിലാവട്ടെ മറ്റുള്ളവർക്കിടയിലാവട്ടെ, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗം പരസ്പര സംവാദമായിരിക്കണം. മറ്റു സമൂഹങ്ങളുമായുള്ള ഇടപാടുകളിൽ ബലാൽക്കാരത്തിന്റെയോ തീവ്രതയുടെയോ മാർഗങ്ങൾ സ്വീകരിക്കപ്പെടാവതല്ല.

6. മനുഷ്യന്റെ ആദരണീയതയും സ്വാതന്ത്ര്യവും, നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള അവന്റെ അവകാശങ്ങളും സംരക്ഷിക്കാൻ ഗൗരവതരമായ പ്രവർത്തനങ്ങൾ നടത്തും.

7. ഇസ്‌ലാമിക വ്യക്തിത്വം കാത്തു സംരക്ഷിക്കും. അതേയവസരം ഇതര സമൂഹങ്ങളോട് തുറന്ന സമീപനം സ്വീകരിക്കും.

8. തങ്ങൾ ജീവിക്കുന്ന രാഷ്ട്രത്തിനും ഇസ്‌ലാമിക ലോകത്തിനുമിടയിൽ പാലമായി വർത്തിക്കുംവിധം മുസ്‌ലിം ന്യൂനപക്ഷത്തെ വളർത്തിയെടുക്കാൻ ശ്രമിക്കും.

9. വൈജ്ഞാനികവും സാമ്പത്തികവും സാമൂഹികവുമായ കൂടുതൽ മെച്ചപ്പെട്ട ഭാവിക്ക് വേണ്ടി ആസൂത്രണങ്ങൾ നടത്തും.

മൗലാനാ അർശദ് മദനി (പ്രസിഡന്റ്, ജംഇയ്യത്തുൽ ഉലമ അർശദ് മദനി വിഭാഗം), മൗലാനാ മുഹമ്മദ് ഉസ്മാൻ (പ്രസിഡന്റ്, ജംഇയ്യത്തുൽ ഉലമ മഹ്‌മൂദ് മദനി വിഭാഗം), മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരി (അമീർ, ജമാഅത്തെ ഇസ്‌ലാമി), പ്രഫ. കെ.എ. സിദ്ദീഖ് ഹസൻ (അസി. അമീർ, ജമാഅത്തെ ഇസ്‌ലാമി), മൗലാനാ അസ്ഗറലി ഇമാം മഹ്ദി അസ്സലഫി (ജന. സെക്രട്ടറി, അഹ്‌ലെ ഹദീസ്), ഡോ. സഫറുൽ ഇസ്‌ലാം ഖാൻ (പ്രസിഡന്റ്, മുസ്‌ലിം മജ്‌ലിസെ മുശാവറ), ഇഅ്ജാസ് അസ്‌ലം (സെക്രട്ടറി, മുസ്‌ലിം മജ്‌ലിസെ മുശാവറ), മൗലാനാ ഷൗക്കത്ത് അലി (ദാറുൽ ഉലൂം ദയൂബന്ദ്), മൗലാനാ ബദറുൽ ഹസൻ അൽഖാസിമി (വൈ. പ്രസിഡന്റ്, ഫിഖ്ഹ് അക്കാദമി), ടി.കെ. ഇബ്‌റാഹീം (പണ്ഡിതവേദി സ്ഥാപകാംഗം), മൗലാനാ സൽമാൻ നദ്‌വി (ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റി അംഗം) ഡോ. അബ്ദുസ്സലാം വാണിയമ്പലം (പണ്ഡിതവേദി ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റി കോ-ഓർഡിനേറ്റർ) എന്നിവരാണ് കരാറിൽ ഒപ്പുവെച്ചിട്ടുള്ളത്.

തീരുമാനങ്ങളുടെ തുടർനടപടികൾക്കായി എല്ലാ സംഘടനാ പ്രതിനിധികളും സ്ഥാപനമേധാവികളുമുൾക്കൊള്ളുന്ന ഒരു സ്ഥിരം സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. അർശദ് മദനി, മുഹമ്മദ് ഉസ്മാൻ, ജലാലുദ്ദീൻ അൻസ്വർ ഉമരി, അസ്ഗറലി ഇമാം, ഡോ. സഫറുൽ ഇസ്‌ലാം ഖാൻ, ബദറുൽ ഖാസിമി, ഗുലാം അഹമ്മദ് വസ്താനവി, അബ്ദുല്ല പട്ടേൽ, മുഹമ്മദ് ഷാഹിദ്, സൽമാൻ നദ്‌വി എന്നിവരാണ് അംഗങ്ങൾ.

## രാഷ്ട്രീയ പങ്കാളിത്തം

ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ പങ്കാളിത്തം ചർച്ചയിൽ വന്നെങ്കിലും കൂടുതൽ വിശദമായ പഠനവും ചർച്ചകളും ആവശ്യമാണെന്നതിനാൽ മൂർത്തമായ തീരുമാനങ്ങളുണ്ടായില്ല. ഇടവേളയിൽ സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രമുഖ പണ്ഡിതനും ന്യൂനപക്ഷ കർമശാസ്ത്ര(ഫിഖ്ഹുൽ അഖല്ലിയ്യ)ത്തിൽ അഗ്രഗണ്യനുമായ ശൈഖ് ഫൈസൽ മൗലവിയുടെ പ്രസംഗം രാഷ്ട്രീയ പങ്കാളിത്തത്തെ കേന്ദ്രീകരിച്ചായിരുന്നു. ഇസ്‌ലാമിക ഖിലാഫത്ത് സ്ഥാപിക്കാനാവാത്ത സാഹചര്യങ്ങളിൽ, രാഷ്ട്രീയത്തിൽനിന്ന് മാറിനിൽക്കുകയും അത് മുറ്റുള്ളവർക്ക് വിട്ടുകൊടുക്കുകയുമല്ല മുസ്‌ലിംകൾ ചെയ്യേണ്ടത്. നിലവിലുള്ള രാഷ്ട്രീയത്തെ തങ്ങൾക്കനുകൂലമായി ഉപയോഗപ്പെടുത്താനാണവർ ശ്രദ്ധിക്കേണ്ടത്. നമുക്ക് ജനാധിപത്യമോ മറ്റു ഇസങ്ങളോ വേണ്ട, ഇസ്‌ലാം മതി എന്നതു ശരിയാണ്. പക്ഷേ ഇക്കാലത്ത് ജനാധിപത്യം ഉപയോഗപ്പെടുത്തി കുഴപ്പങ്ങൾ തടയാനും നേട്ടങ്ങൾ ഉണ്ടാക്കാനും സാധിക്കും. ഇത് ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷത്തിനും ബാധകമാണ്. മുസ്‌ലിംകൾ കൂട്ടായി ശ്രമിച്ചാൽ പുതിയ രാഷ്ട്രീയ കാൽവെപ്പുകളിലൂടെ അവർക്ക് പലതും നേടിയെടുക്കാനാവും. ഇസ്‌ലാമിക തത്ത്വങ്ങളോട് നീതി പുലർത്തുന്ന കൂട്ടായ രാഷ്ട്രീയവേദിയുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം- ശൈഖ് ഫൈസൽ മൗലവി പറഞ്ഞു. ഈ വിഷയം ചർച്ച ചെയ്യാൻ മാത്രമായി പ്രത്യേക സമ്മേളനം വിളിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

പണ്ഡിതവേദി അധ്യക്ഷൻ

ശൈഖ് ഖറദാവിയുടെ സമാപന പ്രഭാഷണത്തോടെയാണ് സമ്മേളനം അവസാനിച്ചത്. സമ്മേളന തീരുമാനങ്ങളും സഹകരണകരാറും മുഴുവൻ വായിച്ചുകേട്ട ഖറദാവി ഏറെ സന്തോഷത്തോടെയും ചാരിതാർഥ്യത്തോടെയുമാണ് സംസാരിച്ചത്. "ഖുർആനും സുന്നത്തും ഐക്യത്തെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ പോലും ഐക്യം വളരെ അനിവാര്യമായ ലോകത്താണ് നാം ജീവിക്കുന്നത്. അല്ലാഹുവിന്റെ തൗഹീദും മുസ്‌ലിം സമൂഹത്തിന്റെ തൗഹീദുമാണ് ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നത്" - അദ്ദേഹം പറഞ്ഞു.

### റഷ്യൻ-ശ്രീലങ്കൻ പ്രതിനിധികൾ

സമ്മേളനത്തിൽ പങ്കെടുത്ത റഷ്യൻ-ശ്രീലങ്കൻ പ്രതിനിധികൾ തങ്ങളുടെ രാഷ്ട്രങ്ങളിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവസ്ഥ വിശദീകരിച്ചു. കമ്യൂണിസ്റ്റ് ഭരണകാലത്തെ പീഡനങ്ങൾ പരാമർശിച്ച മുഫ്തി നഫീഉല്ലാഹ് അശീറോസ്, പതിനായിരക്കണക്കിന് പള്ളികളും ഇസ്‌ലാമിക സ്ഥാപനങ്ങളും കമ്യൂണിസ്റ്റ് ഭരണകൂടം മദ്യഷാപ്പുകളും നൃത്തകേന്ദ്രങ്ങളുമാക്കിയ കഥ വിവരിച്ചു. കമ്യൂണിസത്തിന്റെ പതനശേഷം ഇസ്‌ലാമിക പ്രബോധനത്തിന് തുടക്കം കുറിക്കാനായെന്നും പരിമിതമാണെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളും പള്ളികളും സ്ഥാപിച്ചു തുടങ്ങിയെന്നും അദ്ദേഹം പറഞ്ഞു. ഏതാണ്ട് 30 മില്യനാണ് റഷ്യയിലെ മുസ്‌ലിം ജനസംഖ്യ; മൊത്തം ജനസംഖ്യയുടെ 15 ശതമാനം.

### ഖുറദാഗിയുടെ വിജയം

ന്യൂനപക്ഷ സമ്മേളനത്തിന്റെ വിജയം ശൈഖ് അലി മുഹ്‌യിദ്ദീൻ ഖുറദാഗിയുടെ വിജയമാണ്. കഴിഞ്ഞ കുറെ മാസങ്ങളായി അദ്ദേഹം നടത്തിയ പ്രയത്നങ്ങളാണ് സമ്മേളനത്തെ വിജയിപ്പിച്ചത്. അപാരമായ വിജ്ഞാനവും നയചാതുരിയും കർമകുശലതയുമാണ് ഈ കുർദു വംശജനെ വ്യത്യസ്തനാക്കുന്നത്. ലോകത്ത് ഒട്ടേറെ ഇസ്‌ലാമിക ബാങ്കുകളുടെയും ഇസ്‌ലാമിക് ഇൻഷുറൻസ് കമ്പനികളുടെയും മുഖ്യ ഉപദേഷ്ടാവായ ഖുറദാഗി ഇപ്പോൾ ഖത്തർ പൗരനും ഖത്തർ യൂനിവേഴ്സിറ്റി ശരീഅത്ത് കോളേജ് പ്രഫസറുമാണ്. സമ്മേളന ദിവസങ്ങളിൽ രാപ്പകലുകൾ പണിയെടുത്ത്, ചർച്ചകളെ പ്രമേയങ്ങളും തീരുമാനങ്ങളുമാക്കി അദ്ദേഹം രൂപാന്തരപ്പെടുത്തി. അഭിപ്രായാന്തരങ്ങളെ നയ




*അലി മുഹ്‌യിദ്ദീൻ ഖുറദാഗി, യൂസുഫുൽ ഖറദാവി*

പൂർവം മറികടന്നു. സ്വകാര്യ സംഭാഷണങ്ങളിലൂടെ പണ്ഡിതരെയും നേതാക്കളെയും അഭിപ്രായസമന്വയത്തിലെത്തിച്ചു.

### സമ്മേളനത്തെ വിലയിരുത്തുമ്പോൾ

ദോഹ സമ്മേളനം വൻ വിജയമാണെന്നാണ് അന്താരാഷ്ട്ര പണ്ഡിതവേദിയുടെ വിലയിരുത്തൽ. രാജ്യത്തിന് പുറത്തുള്ളൊരു വേദി ഇതാദ്യമായി ഇന്ത്യൻ മുസ്‌ലിംകളുടെ സർവതോമുഖമായ പുരോഗതി ലക്ഷ്യംവെച്ച് രംഗത്തുവന്നുവെന്നതാണ് ഈ സമ്മേളനത്തിന്റെ പുതുമ. ഇന്ത്യയിൽ മുസ്‌ലിം മജ്‌ലിസെ മുശാവറ, പേഴ്സനൽ ലോ ബോർഡ് പോലുള്ള വേദികളിൽ വിവിധ മുസ്‌ലിം സംഘടനകൾ ഒന്നിക്കുന്നുണ്ടെങ്കിലും, അൽപം കൂടി അയവോടെയും തുറന്നമനസ്സോടെയും ഒന്നിച്ചിരിക്കുന്ന വേദി എന്ന പ്രസക്തിയുണ്ടായിരുന്നു ഇഷ്യൂസ് ആന്റ് മൈനോറിറ്റീസ് കമ്മിറ്റിയുടെ സമ്മേളനത്തിന്. ഇന്ത്യയിലെ മുസ്‌ലിം നേതാക്കൾക്ക് രാജ്യത്തിനകത്തുള്ള ഒരു വേദിക്കും നേതാവിനും വഴങ്ങുന്നതിനേക്കാൾ പുറത്തുള്ളൊരു വേദിക്ക് വഴങ്ങാൻ താരതമ്യേന വൈമനസ്യം കുറയും. ജംഇയ്യത്തുൽ ഉലമായിലെ പിളർപ്പിൽ ഉൽകണ്ഠ പ്രകടിപ്പിച്ച പണ്ഡിതവേദി നേതൃത്വം, ദോഹ സമ്മേളനത്തിനിടയിൽ ഇരു വിഭാഗം നേതാക്കളുമായി ചില പ്രാഥമിക സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. മഹമൂദ് മദനി ചില അസൗകര്യങ്ങൾമൂലം സമ്മേളനത്തിന് എത്താതിരുന്നത് ചർച്ചകൾക്ക് തടസ്സമായി.

ലോക ഇസ്‌ലാമിക നവോത്ഥാനത്തിന്റെ വിശാലമായ ഫ്രെയ്മിൽ നിന്നു വിലയിരുത്തുമ്പോൾ സമ്മേളനം മഹത്തായൊരു കാൽവെപ്പ് തന്നെയാണ്. ഈ നൂറ്റാണ്ടിലെ പ്രഗത്ഭരും പ്രശസ്തരും സർവോപരി കാലഘട്ടത്തിന്റെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നവരുമായ പണ്ഡിത സമൂഹം നേതൃത്വം നൽകുന്ന വേദിക്ക് ഇന്ത്യൻ മുസ്‌ലിം നേതൃത്വവുമായി ആശയവിനിമയത്തിന് സാധ്യത തെളിയുകയെന്നത് ചെറിയകാര്യമല്ല. അതുവഴി പുതിയലോകത്ത് ഇസ്‌ലാമിനെ പ്രതിനിധീകരിക്കേണ്ടതെങ്ങനെയെന്ന തങ്ങളുടെ കാഴ്ചപ്പാടിനെ ഇന്ത്യൻ സമുദായനേതാക്കളിലേക്കും സ്ഥാപനങ്ങളിലേക്കും സന്നിവേശിപ്പിക്കാനുള്ള അവസരമാണ് ലഭിച്ചിരിക്കുന്നത്. ശക്തമായ വൈജ്ഞാനികാടിത്തറയുടെയും വിശാലമായ ലോക പരിചയത്തിന്റെയും തറയിൽ നിന്നുകൊണ്ട് അവർ സമർപ്പിക്കുന്ന സമീപനങ്ങളെ നിരാകരിക്കുവാൻ ഇന്ത്യൻ പണ്ഡിതന്മാർക്ക് കഴിയില്ല. ഇടുങ്ങിയ ലോകത്ത് കഴിയുന്ന ഇന്ത്യയിലെ മുസ്‌ലിം നേതൃത്വത്തെ, ഈ നിലപാടുകൾ ക്രമേണയെങ്കിലും സ്വാധീനിക്കാതിരിക്കില്ല. ആ നിലപാടുമാറ്റത്തിന്റെ ഗുണഭോക്താക്കൾ അന്തിമ വിശകലനത്തിൽ ഇന്ത്യയിലെ മുസ്‌ലിം സമൂഹം മാത്രമല്ല, മൊത്തം ബഹുസ്വര സമൂഹം കൂടിയായിരിക്കും. പക്ഷേ, തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അന്താരാഷ്ട്ര പണ്ഡിതവേദിയും പുതുതായി രൂപംകൊണ്ട ഇന്ത്യൻ കോ-ഓർഡിനേഷൻ കമ്മിറ്റിയും എത്രമാത്രം ജാഗ്രത പുലർത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ വിജയം. ■